## കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് – പത്രപ്രവർത്തക പെൻഷൻ ട്രഷറി സേവിംഗ്സ് ബാങ്ക് വഴി വിതരണം ചെയ്യുന്നതിന് –തിരുവനന്തപുരം ജില്ലാ ട്രഷറിയിലും സബ്ട്രഷറിയിലും മെയിൽ ട്രാൻസ്ഫർ സൗകര്യമുള്ള ഓരോ അക്കൗണ്ട് തുടങ്ങാനുള്ള അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

സ.ഉ. (സാധാ) നം. 7280/11/ധന.  തീയതി, തിരുവനന്തപുരം 30.9.2011.

പരാമർശം:-1) 2.6.2011 ലെ സ.ഉ (പി) നമ്പർ 250/11/ധന.

2) അനൗദ്യോഗിക ഫയൽ 16857/സി2/10 ഐ& പി.ആർ.ഡി.

### ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പത്ര പ്രവർത്തക പെൻഷൻ ട്രഷറി സേവിംഗ്സ് ബാങ്ക് വഴി വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളതാണ്.

പത്ര പ്രവർത്തക പെൻഷൻ ട്രഷറി സേവിംഗ്സ് ബാങ്ക് വഴി വിതരണം ചെയ്യുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവു പ്രകാരം പത്ര പ്രവർത്തക പെൻഷന് അർഹരായവരുടെ ലിസ്റ്റ് ട്രഷറി ഡയറക്ടർ സാക്ഷ്യപ്പെടുത്തി ട്രഷറികളിൽ പെൻഷൻകാരുടെ പേരിൽ തുടങ്ങിയിട്ടുള്ള അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. ഇത്തരത്തിൽ തുക പിൻവലിക്കുന്നതും വരവ് വയ്ക്കുന്നതും ട്രഷറി ചെക്കു വഴി അല്ലാത്തതിനാൽ ട്രഷറി അക്കൗണ്ടിൽ പ്രതിഫലിക്കാതെ വരുകയും റെക്കൺസിലേഷൻ നടത്താൻ പറ്റാത്ത അവസ്ഥ ഉണ്ടാകുമെന്നും ട്രഷറി ഡയറക്ടർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ആയതിനാൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലും, സബ്ട്രഷറിയിലും മെയിൽ ട്രാൻസ്ഫർ സൗകര്യമുള്ള ഓരോ അക്കൗണ്ട് തുടങ്ങാനുള്ള അനുവാദം വേണമെന്നും ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുള്ളതായി പരാമർശം (2) പ്രകാരം I & PRD വകുപ്പ് അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്ര പ്രവർത്തക പെൻഷൻ പിറ്റി.എസ്.ബി അക്കൗണ്ട് വഴിയുള്ള സുഗമമായ വിതരണത്തിന് തിരുവനന്തപുരം ജില്ലാ ട്രഷറിയിലും, സബ് ട്രഷറിയിലും മെയിൽ ട്രാൻസ്ഫർ സൗകര്യമുള്ള ഓരോ പി.റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങാനുള്ള അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനായി പി.പി.ഒ നമ്പരിന് തത്തുല്യമായ ഒരു നമ്പർ ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് ഓരോ പെൻഷൻകാർക്കും പ്രത്യേകമായി അനുവദിച്ചു നൽകേണ്ടതാണ്. പ്രസ്തുത അക്കൗണ്ടിലേയ്ക്ക് മെയിൽ ട്രാൻസ്ഫറായി പ്രതിമാസ പെൻഷൻ വരവുവയ്ക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
എ. ആർ. അജയകുമാർ
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ / ആഡിറ്റ്) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഇൻഫർമേഷൻ ആൻറ് പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ആൻറ് പബ്ളിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.
Nodal Officer, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ